ബാറ്ററി, ടയർ, ല്യൂബ്രിക്കൻസ് ഇനത്തിൽ ചെലവ് കുറയും. കൂടാതെ ജില്ലാ വർക്ക്ഷോപ്പുകൾ എല്ലാ ജില്ലകളിലും ക്രമീകരിക്കുകയും ഡിപ്പോ മെയിന്റനൻസ് പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബസ്/ജീവനക്കാർ അനുപാതം ക്രമേണ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. 3,400 ഡീസൽ ബസ്സുകൾ LNG / CNG-യിലേയ്ക്ക് convert ചെയ്യുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സമഗ്ര പഠനം നടത്തുന്നതിന് 2016 കാലഘട്ടത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൽക്കട്ടയിലെ പ്രൊഫസർ സുശീൽ ഖന്നയെ സർക്കാർ നിയോഗിക്കുകയും 2019-ൽ ടിയാൻ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഭരണ സമിതി പുനഃസംഘടന, മാനേജ്മെന്റിലെ പുനരുദ്ധാരണം, ബസ് ജീവനക്കാരുടെ അനുപാതം ക്രമീകരിക്കൽ, ഐ.റ്റി., ഇൻഫ്രാസ്ട്രക്ച്ചർ, സർവ്വീസ് ഓപ്പറേഷൻ, സാമ്പത്തിക അച്ചടക്കം മുതലായ എല്ലാ വിഭാഗങ്ങളെയും സംബന്ധിച്ച് നടത്തിയ സമഗ്ര റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്.

**കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ്**

234(1219) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ**

235(1220) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

&

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**ദേശീയപണിമുടക്ക് ദിവസത്തെ ഡ്യൂട്ടി**

236(1221) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സൈൻഓൺ മുതൽ അവസാനിക്കുന്ന സൈൻഓഫ് വരെയുള്ള സമയം 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 13-ാം വകുപ്പ് പ്രകാരം ജോലി ആരംഭിച്ചതുമുതലുള്ള ഓരോ എട്ട് മണിക്കൂറും കണക്കാക്കി ഡ്യൂട്ടി തീരുമാനിക്കുന്ന രീതിയാണോ പിന്തുടർന്നുവരുന്നത്; വ്യക്തമാക്കുമോ?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2(f), (i), (ii), (iii) 2(K) സെക്ഷൻ 13, 16, 17 എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടിക്രമീകരിച്ചിരിക്കുന്നത്.

(ബി) എങ്കിൽ 25-11-2020-ന് രാവിലെ 10.30-ന് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്ന് മൂന്നാറിലേയ്ക്ക് പുറപ്പെട്ട് 27-11-2020-ന് വൈകുന്നേരം 5.00 മണിവരെ ഡ്യൂട്ടിയിലുണ്ടായിരുന്ന ക്രൂ അംഗങ്ങൾ ആകെ എത്ര മണിക്കൂർ ഡ്യൂട്ടിയിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത ക്രൂ അംഗങ്ങൾ ആകെ 56 മണിക്കൂർ (രണ്ട് രാത്രിയും മൂന്ന് പകലും) ഡ്യൂട്ടിയിലായിരുന്നതിന് എട്ട് മണിക്കൂർ കണക്കാക്കി എത്ര ഡ്യൂട്ടിക്കാണ് അർഹതപ്പെട്ടത്; ആയത് എപ്രകാരമെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ 10:30 തിരുവനന്തപുരം - മൂന്നാർ സർവ്വീസിന് സാധാരണയായി ആകെ 17:20 മണിക്കൂർ സ്റ്റിയറിംഗ് സമയവും 14:40 മണിക്കൂർ ഡ്യൂട്ടികൾക്കിടയിൽ ജീവനക്കാർക്ക് വിശ്രമവും ലഭിയ്ക്കുന്ന വിധത്തിൽ (ആകെ 32 മണിക്കൂർ) ആണ് ക്രമീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly